| 24–05–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ദേഹീ– അഭിമാനിയായ അച്ഛൻ നിങ്ങളെ ദേഹീ– അഭിമാനിയാകുന്നതിനുള്ള പാഠം പഠിപ്പിക്കുകയാണ്, ദേഹ– അഭിമാനത്തെ ഉപേക്ഷിക്കുക എന്നതാണ് നിങ്ങൾ ചെയ്യേണ്ട പുരുഷാർത്ഥം.**

**ചോദ്യം:–** ദേഹാഭിമാനിയാകുന്നതിലൂടെ ഏറ്റവും ആദ്യം ഉണ്ടാകുന്ന രോഗം ഏതാണ്?
**ഉത്തരം:–** നാമ–രൂപത്തിന്റെ. ഈ രോഗം തന്നെയാണ് വികാരിയാക്കി മാറ്റുന്നത് അതിനാൽ അച്ഛൻ പറയുകയാണ് ആത്മ– അഭിമാനിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ. ഈ ശരീരത്തോട് നിങ്ങൾക്ക് ആകർഷണം ഉണ്ടാകരുത്. ദേഹത്തോടുള്ള മമത്വത്തെ ഉപേക്ഷിച്ച് ഒരേ ഒരു ബാബയെ ഓർമ്മിക്കുഎങ്കിൽ പാവനമായി മാറും. ബാബ ജീവൻബന്ധനത്തിൽ നിന്നും ജീവന്മുക്തിയിലേയ്ക്ക് പോകുന്നതിനായി നിങ്ങൾക്ക് യുക്തി പറഞ്ഞുതരുകയാണ്. ഇതു തന്നെയാണ് പഠിപ്പ്.

**ഓം ശാന്തി.** ആത്മീയ അച്ഛൻ പറയുകയാണ് ആത്മാഭിമാനി അഥവാ ദേഹീ– അഭിമാനിയായി ഇരിക്കൂ. ആരെയാണ് ഓർമ്മിക്കേണ്ടത്? ബാബയെ. ബാബയെയല്ലാതെ മറ്റാരെയും ഓർമ്മിക്കേണ്ടതില്ല. ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുമ്പോൾ ബാബയെത്തന്നെ ഓർമ്മിക്കണം. പരിധിയില്ലാത്ത അച്ഛൻ വന്ന് മനസ്സിലാക്കിത്തരുകയാണ് ദേഹീ അഭിമാനിയാകൂ, ആത്മാഭിമാനിയാകൂ. ദേഹാഭിമാനത്തെ ഉപേക്ഷിച്ചുകൊണ്ടേ പോകൂ. അരകല്പം നിങ്ങൾ ദേഹാഭിമാനികളായിരുന്നു, ഇനി അരകല്പം ദേഹീ– അഭിമാനിയായിരിക്കണം. സത്യ ത്രേതായുഗങ്ങളിൽ നിങ്ങൾ ആത്മാഭിമാനികളായിരുന്നു. നമ്മൾ ആത്മാക്കളാണ്, ഇപ്പോൾ ഈ ശരീരത്തിന് പ്രായമായി, ഇതിനെ ഇപ്പോൾ ഉപേക്ഷിക്കണം എന്നതെല്ലാം അവിടെ അറിയുമായിരുന്നു. സർപ്പത്തിന്റെ ഉദാഹരണമുണ്ട് അതുപോലെ ഇവിടെയും മാറ്റുകയാണ്. നിങ്ങളും പഴയ ശരീരത്തെ ഉപേക്ഷിച്ച് രണ്ടാമത് പുതിയ ശരീരത്തിൽ പ്രവേശിക്കുകയാണ് അതിനാൽ നിങ്ങൾക്ക് ആത്മാഭിമാനിയായി മാറണം. ആരാണ് ആക്കിമാറ്റുന്നത്? അച്ഛൻ. ബാബ സദാ ആത്മാഭിമാനിയാണ്. ബാബ ഒരിയ്ക്കലും ദേഹാഭിമാനിയാകുന്നില്ല. തീർച്ചയായും ഒരു തവണ വരുന്നുണ്ട് എങ്കിലും ദേഹാഭിമാനിയാകുന്നില്ല എന്തുകൊണ്ടെന്നാൽ മറ്റൊരാളുടെ ശരീരം ലോണെടുത്തിരിക്കുകയാണ്. ഈ ശരീരത്തോട് ബാബയ്ക്ക് ആകർഷണമില്ല. ലോണെടുത്തതിനോട് ആകർഷണമുണ്ടാകില്ല. ഈ ശരീരം ഉപേക്ഷിക്കണം എന്നറിയാം. അച്ഛൻ മനസ്സിലാക്കിത്തരുകയാണ് ഞാൻ തന്നെയാണ് വന്ന് നിങ്ങൾ കുട്ടികളെ പാവനമാക്കി മാറ്റുന്നത്. നിങ്ങൾ സതോപ്രധാനമായിരുന്നു പിന്നീട് തമോപ്രധാനമായി മാറി. ഇപ്പോൾ വീണ്ടും പാവനമാക്കി മാറ്റുന്നതിനായി നിങ്ങൾക്ക് ഞാനുമായുള്ള യോഗം പഠിപ്പിക്കുന്നു. യോഗം എന്ന് പറയാതെ ഓർമ്മ എന്ന് പറയുന്നത് ശരിയായിരിക്കും. ഓർമ്മിക്കാൻ പഠിപ്പിക്കുകയാണ്. കുട്ടികൾ അച്ഛനെ ഓർമ്മിക്കാറുണ്ട്. ഇപ്പോൾ നിങ്ങൾക്കും അച്ഛനെ ഓർമ്മിക്കണം. ആത്മാവുതന്നെയാണ് ഓർമ്മിക്കുന്നത്. എപ്പോൾ രാവണ രാജ്യം ആരംഭിക്കുന്നുവോ അപ്പോൾ കുട്ടികൾ ദേഹ– അഭിമാനികളായി മാറുന്നു. പിന്നീട് അച്ഛൻ വന്ന് ആത്മാഭിമാനികളാക്കി മാറ്റുന്നു. ദേഹാഭിമാനികളാകുന്നതിനാൽ നാമ രൂപത്തിൽ കുടുങ്ങുന്നു. വികാരികളായി മാറുന്നു. ഇല്ലെങ്കിൽ നിങ്ങൾ എല്ലാവരും നിർവ്വികാരികളായിരുന്നു. പിന്നീട് പുനർജന്മങ്ങൾ എടുത്ത് എടുത്ത് വികാരിയായി മാറുന്നു. ജ്ഞാനം എന്ന് എന്തിനേയാണ് പറയുക, ഭക്തി എന്ന് എന്തിനേയാണ് പറയുക എന്നതെല്ലാം അച്ഛനാണ് മനസ്സിലാക്കിത്തന്നത്. ഭക്തി ആരംഭിക്കുന്നത് ദ്വാപരം മുതലാണ്. എപ്പോൾ പഞ്ചവികാരങ്ങളാകുന്ന രാവണന്റെ സ്ഥാപനയുണ്ടാകുന്നുവോ അപ്പോൾ. ഭാരതത്തിൽത്തന്നെയാണ് രാമരാജ്യം, രാവണരാജ്യം എന്ന് പറയുന്നത്. പക്ഷേ എത്ര സമയം രാമരാജ്യമുണ്ടായിരുന്നു എത്ര സമയമാണ് രാവണ രാജ്യം നടക്കുന്നത് ഇത് അറിയില്ല. ഈ സമയത്ത് എല്ലാവരും തമോപ്രധാനവും കല്ലുബുദ്ധികളുമാണ്. ജനിക്കുന്നതുതന്നെ ഭ്രഷ്ടാചാരത്തിലൂടെയാണ് അതിനാലാണ് ഇതിനെ വികാരീലോകം എന്ന് വിളിക്കുന്നത്. പഴയ ലോകവും പുതിയ ലോകവും തമ്മിൽ രാപകലിന്റെ വ്യത്യാസമുണ്ട്. പുതിയ ലോകത്തിൽ ഭാരതം മാത്രമേ ഉണ്ടായിരുന്നുള്ളു. ഭാരതത്തെപ്പോലെ പവിത്ര ഖണ്ഢമാകാൻ മറ്റൊരു ഖണ്ഢത്തിനും സാധിക്കില്ല. പിന്നീട് ഭാരതത്തെപ്പോലെ ഇത്രത്തോളം അപവിത്രമായി മാറാനും മറ്റാർക്കും സാധിക്കില്ല. ആരാണോ പവിത്രമായിരുന്നത്, അവർ തന്നെയാണ് അപവിത്രമായി മാറുന്നത് ഇനി വീണ്ടും പവിത്രമായി മാറും. നിങ്ങൾക്ക് അറിയാം ദേവീ ദേവതകൾ പവിത്രമായിരുന്നു. പിന്നീട് പുനർജന്മം എടുത്ത് എടുത്ത് അപവിത്രമായി മാറി. ഏറ്റവും കൂടുതൽ ജന്മം എടുക്കുന്നതും ഇവരാണ്. അച്ഛൻ മനസ്സിലാക്കിത്തരുന്നു ഞാൻ വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലേയും അന്തിമ സമയത്താണ് വരുന്നത്. ആദ്യ നമ്പറിലുള്ള ഇദ്ദേഹം തന്നെയാണ് 84 ജന്മങ്ങൾ പൂർത്തിയാക്കി വാനപ്രസ്ഥത്തിലേയ്ക്ക് വരുന്നത് അപ്പോഴാണ് ഞാൻ പ്രവേശിക്കുന്നത്. ത്രിമൂർത്തി ബ്രഹ്മാ വിഷ്ണു ശങ്കരന്മാരുമുണ്ട്, പക്ഷേ അവരെ ആർക്കും അറിയില്ല കാരണം തമോപ്രധാനമല്ലേ. ഇവർ ആരുടേയും ജീവിതകഥ

ഒരു മനുഷ്യനുപോലും അറിയില്ല. പൂജിക്കുന്നുണ്ട് പക്ഷേ എല്ലാം അന്ധവിശ്വാസമാണ്. ഭക്തിയെ ബ്രഹ്മാവിന്റെ രാത്രി എന്നാണ് പറയുന്നത് അതുപോലെ സത്യ ത്രേതായുഗങ്ങളാണ് ബ്രഹ്മാവിന്റെ പകൽ. ഇപ്പോൾ ബ്രഹ്മാവ് പ്രജാപിതാവാണെങ്കിൽ തീർച്ചയായും കുട്ടികളും ഉണ്ടാകില്ലേ. ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് ബ്രാഹ്മണർക്ക് കുലമുണ്ട്, പരമ്പരയുണ്ടാകില്ല. ബ്രാഹ്മണരാണ് കുടുമ. കുടുമയും കാണാൻ കഴിയും. ഇനി ഉയർന്നതിലും ഉയർന്ന പഠിപ്പിക്കുന്നയാൾ പരമപിതാ പരമാത്മാവ് ശിവനാണ്. ബാബയ്ക്ക് ഒരു പേരേയുള്ളു പക്ഷേ ഭക്തിമാർഗ്ഗത്തിൽ അനേകം നാമങ്ങൾ നൽകിയിരിക്കുന്നു. ഭക്തിയിൽ പ്രദർശനം ഒരുപാടാണ്. എത്ര ചിത്രങ്ങൾ, എത്ര ക്ഷേത്രങ്ങൾ, യജ്ഞം, തപം, ദാനം, പുണ്യം മുതലായവ ചെയ്യുന്നു. പറയുന്നു ഭക്തിയിലൂടെ ഭഗവാനെ ലഭിക്കും. ആർക്കാണ് ലഭിക്കുന്നത്? ആരാണോ ആദ്യമാദ്യം വരുന്നത്, ആവർതന്നെയാണ് ആദ്യമാദ്യം ഭക്തി ആരംഭിക്കുന്നതും. ആരാണോ ബ്രാഹ്മണനിൽ നിന്നും ദേവതയാകുന്നത് അവർ തന്നെയാണ് എങ്ങനെയാണോ രാജാവും റാണിയും അതുപോലെ പ്രജയും...... സർവ്വഗുണ സമ്പന്നൻ, 16 കലാ സമ്പൂർണ്ണൻ, സമ്പൂർണ്ണ നിർവ്വികാരി, അഹിംസ പരമോദേവീദേവതാ ധർമ്മമുണ്ടായിരുന്നു. ഭാരതത്തിൽ ഒരേ ഒരു ആദിസനാതന ദേവീ ദേവതാധർമ്മമുണ്ടായിരുന്നു അപ്പോൾ അളവില്ലാത്ത ധനമുണ്ടായിരുന്നു. അച്ഛൻ ഓർമ്മ ഉണർത്തുകയാണ്– നിങ്ങൾ ആദ്യമാദ്യം ദേവീദേവതാ ധർമ്മത്തിലുള്ളവരായിരുന്നു നിങ്ങൾ തന്നെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്. എല്ലാവരും എടുക്കുന്നില്ല. കേവലം 84 ജന്മങ്ങളേയുള്ളു, പിന്നീട് അവർ പറയുന്നു 84 ലക്ഷം ജന്മങ്ങളെന്ന്. കല്പത്തിന്റെ ആയുസ്സും ലക്ഷക്കണക്കിന് വർഷങ്ങളാണ് എന്ന് പറയുന്നു. അച്ഛൻ പറയുന്നു ഇത് 5000 വർഷത്തിന്റെ നാടകമാണ്. അതിനാൽ ഇതാണ് ജ്ഞാനം. ജ്ഞാനസാഗരൻ എന്ന് ഒരേ ഒരു ശിവബാബയെക്കുറിച്ചാണ് പാടുന്നത്. അത് പരിധിയുള്ള അച്ഛനാണ്, ഇത് പരിധിയില്ലാത്ത അച്ഛനാണ്. പരിധിയുള്ള അച്ഛന്മാർ ഉണ്ടായിട്ടും ദുഃഖമുണ്ടാകുമ്പോൾ പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുന്നു. പുനർജന്മം എടുത്ത് എടുത്ത് ലോകം പഴയതും തമോപ്രധാനവുമായി മാറുന്നു അപ്പോഴാണ് അച്ഛൻ വീണ്ടും വരുന്നത്. സെക്കന്റിൽ ജീവന്മുക്തി ലഭിക്കുന്നു. ആരിൽ നിന്ന്? പരിധിയില്ലാത്ത അച്ഛനിൽ നിന്ന്. എങ്കിൽ തീർച്ചയായും ഇത് ജീവൻ ബന്ധനമല്ലേ. പതിതമാണ് വീണ്ടും പാവനമായി മാറണം. ഇത് സെക്കന്റിന്റെ കാര്യമാണ്. ജ്ഞാനം ഒരു സെക്കന്റിന്റേതാണ് കാരണം നിങ്ങൾ മറ്റ് അനവധി പഠിപ്പുകൾ പഠിക്കുന്നുണ്ട്. അവിടെയെല്ലാം മനുഷ്യനാണ് മനുഷ്യനെ പഠിപ്പിക്കുന്നത്. പഠിക്കുന്നത് ആത്മാവുതന്നെയാണ്. പക്ഷേ ദേഹാഭിമാനം കാരണത്താൽ സ്വയം ആത്മാവാണ് എന്നത് മറന്ന് പറയുന്നു ഞാൻ ഇന്ന മിനിസ്റ്ററാണ്, ഇതാണ്. വാസ്തവത്തിൽ ആത്മാവാണ്. ആത്മാവ് പുരുഷൻ– സ്ത്രീ രണ്ടുപേരുടേയും ശരീരത്തിൽ പ്രവേശിച്ച് പാർട്ട് അഭിനയിക്കുന്നു എന്ന കാര്യം മറക്കുന്നു. ഇല്ലെങ്കിൽ ആത്മാവുതന്നെയാണ് ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുന്നത്. ആരെല്ലാം എന്തെല്ലാമാണ് ആകുന്നത്.

അച്ഛൻ മനസ്സിലാക്കിത്തരുന്നു ഇപ്പോൾ ഈ പഴയ ലോകം മാറി പുതിയതാവുകയാണ്. വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും തീർച്ചയായും ആവർത്തിക്കും. പുതിയ ലോകം സതോപ്രധാനമാണ്. വീടും ആദ്യം പുതിയതായിരിക്കുമ്പോൾ പറയും സതോപ്രധാനമാണെന്ന് പിന്നീട് ജീർണ്ണിച്ച് തമോപ്രധാനമായി മാറുന്നു. ഈ പരിധിയില്ലാത്ത നാടകത്തെ അഥവാ സൃഷ്ടി ചക്രത്തെ മനസ്സിലാക്കണം എന്തുകൊണ്ടെന്നാൽ ഇത് പഠിപ്പാണ്. ഭക്തിയല്ല. ഭക്തിയെ പഠിപ്പ് എന്ന് പറയില്ല എന്തുകൊണ്ടെന്നാൽ ഭക്തിയിൽ ലക്ഷ്യം ഒന്നും തന്നെ ഉണ്ടായിരിക്കില്ല. ജന്മ ജന്മാന്തരങ്ങൾ വേദങ്ങളും ശാസ്ത്രങ്ങളും പഠിച്ചുകൊണ്ടിരിക്കും. ഇവിടെയാണെങ്കിൽ ലോകത്തെ മാറ്റണം, സത്യ ത്രേതായുഗങ്ങളിൽ ഭക്തിയില്ല. ഭക്തി ആരംഭിക്കുന്നത് ദ്വാപരം മുതലാണ്. അതിനാൽ ഇതെല്ലാം അച്ഛൻ ഇരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ഇതിനെയാണ് പറയുന്നത് ആത്മീയ അറിവ് അഥവാ ആത്മീയ ജ്ഞാനം. ആത്മീയമായ ജ്ഞാനം ആരാണ് പഠിപ്പിച്ചുതരുന്നത്? സുപ്രീം സോൾ അഥവാ പരമപിതാവാണ് പഠിപ്പിക്കുന്നത്. ബാബ എല്ലാവരുടേയും അച്ഛനല്ലേ. ലൗകിക പിതാവിനെ ഒരിയ്ക്കലും പരമപിതാവ് എന്ന് വിളിക്കില്ല. പാരലൗകിക പിതാവിനെയാണ് പരമപിതാവ് എന്ന് വിളിക്കുന്നത്. ബാബ പരമധാമത്തിൽ വസിക്കുന്നവരാണ്. അല്ലയോ ഭഗവാനേ, അല്ലയോ ഈശ്വരാ എന്ന് വിളിച്ചാണ് അച്ഛനെ ഓർമ്മിക്കുന്നത്. വാസ്തവത്തിൽ അച്ഛന്റെ പേര് ഒന്നേയുള്ളു. പക്ഷേ ഭക്തിയിൽ അനേകം നാമങ്ങൾ നൽകിയിരിക്കുന്നു. ഭക്തിയുടെ വിസ്താരം കൂടുതലാണ്. അതെല്ലാം മനുഷ്യ മതമാണ്. ഇപ്പോൾ മനുഷ്യർക്ക് ഈശ്വരീയ മതം ആവശ്യമാണ്. ഈശ്വരീയ മതം ശ്രീമതമാണ്. ശ്രീ ശ്രീ 108 ന്റെ മാലയുണ്ടാക്കാറുണ്ടല്ലോ. ഇത് പ്രവൃത്തി മാർഗ്ഗത്തിന്റെ മാലയാണ്. പിന്നീട് ഏണിപ്പടി താഴെ ഇറങ്ങി ഇറങ്ങി പാപ്പരാകുന്നു. ബുദ്ധി ദരിദ്രമാകുമ്പോൾ മനുഷ്യരും പാപ്പരാകുന്നു. ആരാണോ 100 ശതമാനം സമ്പന്നരായിരുന്നത് അവർ ഇപ്പോൾ പാപ്പരാണ്. ബുദ്ധിയിൽ പൂട്ട് വീണിരിക്കുന്നു. ഈ പൂട്ട് ആരാണ് ഇട്ടത്? ഗോഡ്റെജിന്റെ പൂട്ട് ഇട്ടിരിക്കുകയാണ്. ഭാരതം എത്രത്തോളം ആദ്യ നമ്പറിലായിരുന്നോ അത്രത്തോളം മറ്റൊരു ഖണ്ഡവുമില്ല. ഭാരതത്തിന് വളരെ അധികം മഹിമയുണ്ട്. ഭാരതം എല്ലാ ധർമ്മങ്ങളുടേയും വലുതിലും വലിയ തീർത്ഥസ്ഥാനമാണ്. പക്ഷേ ഡ്രാമ അനുസരിച്ച്

ഗീതയെ ഖണ്ഡിച്ചിരിക്കുന്നു. ഭാരതത്തിന്റേയും ഒപ്പം മുഴുവൻ ലോകത്തിന്റേയും തെറ്റാണ്. ഏത് ജ്ഞാന ത്തിലൂടെയാണോ അച്ഛൻ പുതിയ ലോകം സ്ഥാപിച്ചത് ഒപ്പം എല്ലാവരുടേയും സദ്ഗതി ചെയ്തത് ആ ഗീതയെ ഖണ്ഢിച്ചത് ഭാരതം തന്നെയാണ്.

ഭാരതം സർവ്വശ്രേഷ്ഠവും വളരെ സമ്പന്നവുമായ ഖണ്ഢമായിരുന്നു അത് ഇപ്പോൾ വീണ്ടും ഉണ്ടാവുക യാണ്. ഇത് തലതിരിഞ്ഞ വൃക്ഷമാണ്, ഇതിന്റെ ബീജം മുകളിലാണ്. ബാബയെ വൃക്ഷപതി എന്നാണ് വിളിക്കുന്നത്. ബൃഹസ്പതിയുടെ ദശയുണ്ടല്ലോ. അച്ഛൻ മനസ്സിലാക്കിത്തരുന്നു വൃക്ഷപതിയായ ഞാൻ വരുമ്പോൾ ഭാരതത്തിന് ബൃഹസ്പതി ദശയായിരിക്കും. ശ്രേഷ്ഠമായി മാറുന്നു. പിന്നീട് രാവണൻ വരു മ്പോൾ രാഹുവിന്റെ ദശയുണ്ടാകുന്നു. ഭാരതത്തിന്റെ അവസ്ഥ എന്താകുന്നു. അവിടെയാണെങ്കിൽ നിങ്ങ ളുടെ ആയുസ്സും വളരെ കൂടുതലായിരിക്കും എന്തുകൊണ്ടെന്നാൽ പവിത്രമാണ്. അരകല്പത്തിൽ നിങ്ങൾ 21 ജന്മങ്ങൾ എടുക്കുന്നു. ബാക്കി അരകല്പത്തിൽ നിങ്ങൾ ഭോഗിയായി മാറുന്നതിനാൽ ആയുസ്സും കുറ യുന്നു പിന്നീട് 63 ജന്മങ്ങളും എടുക്കുന്നു.  അച്ഛൻ മനസ്സിലാക്കിത്തരുന്നു ഇപ്പോൾ സതോപ്രധാനമായി മാറണം അതിനാൽ എന്നെമാത്രം ഓർമ്മിക്കൂ. സർവ്വ ധർമ്മത്തിലുള്ളവരും ഇപ്പോൾ തമോപ്രധാനമാണ്. എല്ലാവർക്കും ഈ ജ്ഞാനം നൽകാൻ നിങ്ങൾക്ക് കഴിയും. ആത്മാക്കളുടെ അച്ഛൻ ഒന്നാണ്. എല്ലാവരും സഹോദരങ്ങളാണ് എന്തെന്നാൽ നമ്മൾ ആത്മാക്കൾ ഒരച്ഛന്റെ കുട്ടികളാണ്. ഹിന്ദുവും മുസ്ലീമും സഹോ ദരങ്ങളാണ് എന്ന് പറയുന്നുണ്ട് പക്ഷേ അർത്ഥം അറിയില്ല. ആത്മാവ് പറയുന്നു ഇത് ശരിയാണെന്ന്. എല്ലാ സഹോദരങ്ങളുടേയും അച്ഛൻ ഒരാളാണ്. സമ്പത്ത് നൽകുന്നത് വലിയ അച്ഛനാണ്. ബാബ വരു ന്നതും ഭാരതത്തിലാണ്. ശിവജയന്തി ആഘോഷിക്കുന്നുണ്ട് എന്നാൽ അതാരാണ് എപ്പോഴാണ് വന്നത്– ഇത് ആർക്കും അറിയില്ല. നിങ്ങളുടെ യുദ്ധം 5 വികാരങ്ങളുമായാണ്. കാമമാണ് നിങ്ങളുടെ നമ്പർ വൺ ശത്രു. രാവണനെ കത്തിക്കുന്നുണ്ട്. പക്ഷേ അവർ ആരാണ്? എന്തിനാ കത്തിക്കുന്നത്? ഒന്നും അറിയില്ല. ദ്വാപരം മുതൽ നിങ്ങൾ താഴെ ഇറങ്ങി ഇറങ്ങി ഈ സമയത്ത്  പതിതമായിരിക്കുന്നു. ഒരു ഭാഗത്ത് ശിവ ബാബയെ ഓർമ്മിച്ച് പൂജിക്കുന്നു, മറുഭാഗത്ത് പിന്നീട് പറയുന്നു ഭഗവാൻ സർവ്വവ്യാപിയാണെന്ന്. ആരാണോ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റിയത് അവരെത്തന്നെ നിങ്ങൾ മായയുടെ ചക്ര ത്തിൽ വന്ന് ഗ്ലാനി ചെയ്യുന്നു. അച്ഛൻ പറയുന്നു– മധുരമായ കുട്ടികളേ, നിങ്ങൾ എന്നെ എണ്ണമില്ലാത്ത ത്രയും ജന്മങ്ങളിലേയ്ക്ക് കൊണ്ടുവരുന്നു. എന്നെ കണ കണങ്ങളിൽ ഉണ്ടെന്ന് പറയുന്നു. ഇതും ഡ്രാമ യിൽ ഉള്ളതാണ്. പരിധിയില്ലാത്ത അച്ഛന്റെ ഗ്ലാനി ചെയ്ത് എത്രത്തോളം പാപാത്മാക്കളായിത്തീർന്നിരി ക്കുന്നു. ഇത് രാവണരാജ്യമല്ലേ.

ഇതും നിങ്ങൾക്ക് അറിയാം– ഈ സമയത്ത് എല്ലാവരും ഭക്തരാണ്. എല്ലാവരുടേയും സദ്ഗതി ചെയ്യു ന്നത് ആരാണ്? സത്യഖണ്ഢം സ്ഥാപിക്കുന്നത് എല്ലാവരുടേയും അച്ഛനായ ബാബയാണ്. രാവണനെ അച്ഛനെന്നു വിളിക്കില്ല. 5 വികാരം എല്ലാവരിലും ഉണ്ട്. വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത് അതി നാലാണ് ഭ്രഷ്ടാചാരി എന്നു വിളിക്കുന്നത്. ദേവതകളെ സമ്പൂർണ്ണ നിർവ്വികാരി എന്നാണ് പറയുന്നത്. ഇപ്പോഴാണെങ്കിൽ സമ്പൂർണ്ണ വികാരികളാണ്. പൂജ്യരായിരുന്ന ദേവതകൾ തന്നെയാണ് പിന്നീട് പൂജാരി കളായി മാറുന്നത്. അവർ പറയുന്നത് ആത്മാവുതന്നെയാണ് പരമാത്മാവ് എന്നാണ്. അച്ഛൻ പറയുന്നു ഇത് മറക്കൂ. ആദ്യമാദ്യം സ്വയം ആത്മാവാണെന്ന് നിശ്ചയിക്കൂ. നമ്മൾ ആത്മാക്കൾ ഇപ്പോൾ ബ്രാഹ്മണ കുലത്തിലേതാണ്, പിന്നീടാണ് ദേവതാ കുലത്തിലേയ്ക്ക് പോകുന്നത്. ഈ ബ്രാഹ്മണകുലമാണ് സർവ്വോ ത്തമ കുലം. ബ്രാഹ്മണർക്ക് പരമ്പരയില്ല. ബ്രാഹ്മണരാണ് കുടുമ. നിങ്ങൾ ബ്രാഹ്മണരല്ലേ. ഏറ്റവും മുകളി ലാണ് ശിവബാബ. ഭാരതത്തിൽ വിരാടരൂപം കാണിക്കുന്നു. പക്ഷേ അതിൽ ബ്രാഹ്മണരുടെ കുടുമയുമി ല്ല, ബ്രാഹ്മണരുടെ അച്ഛനുമില്ല. അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. ത്രിമൂർത്തികളുടെ അർത്ഥവും മന സ്സിലാക്കുന്നില്ല. അഥവാ മനസ്സിലാക്കിയിരുന്നെങ്കിൽ ഭാരതത്തിന്റെ അടയാള ചിഹ്നം ത്രിമൂർത്തി ശിവനാ കുമായിരുന്നു. ഇപ്പോൾ ഇത് മുള്ളുകളുടെ കാടാണ്. അതിനാലാണ് കാട്ടിലെ മൃഗങ്ങളുടെ ചിത്രംകൊണ്ട് അടയാള ചിഹ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. അതിൽ പിന്നീട് എഴുതിയിരിക്കുന്നു സത്യമേവ ജയതേ. സത്യയുഗത്തിൽ സിംഹവും ആടും ഒരുമിച്ച് വെള്ളം കുടിക്കുന്നത് കാണിക്കുന്നുണ്ട്. സത്യമേവ ജയതേ അർത്ഥം സത്യത്തിന്റെ വിജയം എന്നാണ്. മുഴുവനായും പാൽക്കടലായി മാറുന്നു. ഉപ്പുവെള്ളമായിരിക്കി ല്ല. രാവണ രാജ്യത്തിൽ ഉപ്പുവെള്ളവും രാമരാജ്യത്തിൽ പാൽക്കടലുമായിരിക്കും. ഇതിനെപ്പറയുന്നത് മുള്ളുകളുടെ കാട് എന്നാണ്. പരസ്പരം ആദ്യ നമ്പറിലുള്ള മുള്ളായ വികാരംകൊണ്ട് മുറിവേൽപ്പിക്കു ന്നു. അച്ഛൻ പറയുന്നു കാമം മഹാശത്രുവാണ്. ഇത് ആദി മദ്ധ്യ അന്ത്യം ദുഃഖം നൽകുന്നതാണ്. പേരു തന്നെ രാവണരാജ്യം എന്നാണ്. അച്ഛൻ പറയുന്നു ഈ 5 വികാരങ്ങളുടെമേലും വിജയം നേടി ജഗദ്ജീ ത്തായി മാറൂ. ഈ അന്തിമ ജന്മത്തിൽ നിർവ്വികാരിയായി മാറൂ. നിങ്ങൾ തമോപ്രധാനവും പതിതവുമായി രിക്കുന്നു വീണ്ടും ഇനി സതോപ്രധാനവും പാവനവുമായി മാറൂ. ഗംഗ പതിതപാവനിയല്ല. ശരീരത്തിലെ

അഴുക്ക് കളയാൻ വീട്ടിലുള്ള ജലത്തിനും സാധിക്കും. ആത്മാവ് ശുദ്ധമാകില്ല. ഭക്തിമാർഗ്ഗത്തിൽ എത്ര അധികം ഗുരുക്കന്മാരാണ്. സദ്ഗതി ചെയ്യുന്ന സദ്ഗുരു ഒന്നേയുള്ളു. സുപ്രീം ഫാദറുമാണ്, സുപ്രീം ടീച്ചറുമാണ് ഒപ്പം സുപ്രീം സദ്ഗുരുവുമാണ്. ബാബ തന്നെയാണ് നിങ്ങൾക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സതോപ്രധാനമായി മാറുന്നതിനുവേണ്ടി ഒരേ ഒരു ബാബയെ അല്ലാതെ മറ്റാരെയും ഓർമ്മിക്കരുത്. ദേഹീ- അഭിമാനിയാകുന്നതിനുള്ള അഭ്യാസം ചെയ്യണം.

2) എല്ലാവരോടും പാൽക്കടലായിരിക്കണം. ഈ അന്തിമ ജന്മത്തിൽ വികാരങ്ങളുടെമേൽ വിജയം പ്രാപ്തമാക്കി ജഗദ്ജീത്തായി മാറണം.

## വരദാനം:- ബാബയുടെ ഛത്രഛായയിൽ സദാ ആനന്ദത്തിന്റെ അനുഭവം ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുന്ന വിശേഷ ആത്മാവായി ഭവിക്കൂ

എവിടെ ബാബയുടെ ഛത്രഛായയുണ്ടോ അവിടെ മായയിൽ നിന്ന് സുരക്ഷിതമാണ്. ഛത്രഛായയുടെ ഉള്ളിൽ മായക്ക് വരാൻ സാധിക്കില്ല. പരിശ്രമത്തിൽ നിന്ന് സ്വതവേ ദൂരെയാകും, ആനന്ദത്തിൽ കഴിയും എന്തുകൊണ്ടെന്നാൽ പരിശ്രമം ആനന്ദത്തിന്റെ അനുഭവം ചെയ്യാൻ അനുവദിക്കില്ല. ഛത്രഛായക്കുള്ളിൽ കഴിയുന്ന ഇങ്ങനെയുള്ള വിശേഷ ആത്മാക്കൾ ഉയർന്ന പഠിത്തം പഠിച്ചുകൊണ്ട് ആനന്ദത്തിൽ കഴിയുന്നു, എന്തുകൊണ്ടെന്നാൽ അവർക്ക് നിശ്ചയമുണ്ട് നമ്മൾ കൽപ-കൽപത്തെ വിജയിയാണ്, വിജയിച്ചിട്ടുണ്ട്. അതുകൊണ്ട് സദാ ആനന്ദത്തിൽ കഴിയൂ ഒപ്പം മറ്റുള്ളവർക്കും ആനന്ദത്തിൽ കഴിയുന്നതിനുള്ള സന്ദേശം നൽകിക്കൊണ്ടിരിക്കൂ. ഇതാണ് സേവനം.

## സ്ലോഗൻ:- ആരാണോ ഡ്രാമയുടെ രഹസ്യത്തെ അറിയാത്തത് അവരാണ് ദേഷ്യപ്പെടുന്നത്.